സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ ശാസ്ത്രീയ സംവിധാനം

20 [4995] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തങ്കവും ചെമ്പും മിശ്രണം നടത്തുന്നത് നിശ്ചിത അനുപാതത്തിലാണെന്ന് ശാസ്ത്രീയമായി പരിശോധിക്കാനുള്ള സംവിധാനം ഏതെല്ലാം ജില്ലകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) എല്ലാ സ്വർണ്ണാഭരണശാലകളിലും ഇലക്ട്രോണിക് അളവുതൂക്ക സംവിധാനം ഉറപ്പാക്കുമോ;

(ഇ) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷക്കാലയളവിനുള്ളിൽ സ്വർണ്ണാഭരണ നിർമ്മാണ മേഖലയിൽ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട്;

(എഫ്) ഇതു സംബന്ധമായി എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ജി) ഗുണനിലവാരത്തെ സംബന്ധിച്ച് സ്വർണ്ണാഭരണ നിർമ്മാതാക്കളുടെ അവകാശവാദങ്ങളും അവാസ്തവമായ പ്രചരണങ്ങളും നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിലവിൽ സംവിധാനമൊന്നുമില്ല. എന്നാൽ, എറണാകുളത്തെ ലീഗൽ മെട്രോളജി ഭവനിൽ സ്വർണ്ണത്തിന്റെ ഗുണമേന്മ പരിശോധനയ്ക്കായി ഒരു ലബോറട്ടറി സജ്ജമാക്കി വരുന്നുണ്ട്.

(സി) എറണാകുളത്ത് സജ്ജമായി വരുന്ന ലബോറട്ടറിയുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

(ഡി) നിയമപരമായി നടപ്പാക്കാൻ ഇപ്പോൾ സാധിക്കുന്നതല്ല.

(ഇ, എഫ്) സ്വർണ്ണാഭരണ നിർമ്മാണ മേഖലയിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകൾ നടത്തിയിട്ടില്ല.

(ജി) ലീഗൽ മെട്രോളജി വകുപ്പ് എറണാകുളത്ത് സ്ഥാപിക്കുന്ന സ്വർണ്ണ ഗുണനിലവാര പരിശോധനാ ലബോറട്ടറിയുടെ പ്രവർത്തനം തുടങ്ങിയശേഷം പ്രചരണ പ്രകാരമുള്ള കാര്യങ്ങൾ സത്യമാണോ എന്ന് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly